entri

Monthly

# Current Affairs

September 2025



# INDEX


- ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരം 2023
- രമൺ മാഗ്സസെ പുരസ്കാരം 2025
- ആർദ്ര കേരളം പുരസ്കാരം 2023-24
- ഏഷ്യാകപ്പ് ടി20 ക്രിക്കറ്റ് ടൂർണമെന്റ് 2025
- യുഎസ് ഓപ്പൺ 2025
- പുരുഷ ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പ് 2025
- കേരള ക്രിക്കറ്റ് ലീഗ് 2025
- ലോകം
- ഇന്ത്യ
- കേരളം
- കായികം
- സാഹിത്യം
- മറ്റ് പുരസ്കാരങ്ങൾ
- ശാസ്ത്ര സാങ്കേതിക മേഖല
- ഇന്ത്യ - പദ്ധതികൾ
- കേരളം - പദ്ധതികൾ
- സിനിമ
- നിയമനങ്ങൾ
- വിയോഗം
- സൈനികാഭ്യാസം
- റാങ്കിംഗ്
- വേദികൾ
- പ്രധാന ദിനങ്ങൾ

## ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരം 2023

- 2023ലെ ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരത്തിന് അർഹനായ മലയാള ചലച്ചിത്ര നടൻ - മോഹൻലാൽ
    - ➔ ഇന്ത്യൻ സിനിമയ്ക്ക് നൽകിയ സമഗ്ര സംഭാവനയ്ക്കാണ് പുരസ്കാരം.
    - ➔ ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരം ലഭിക്കുന്ന രണ്ടാമത്തെ മലയാളിയാണ് മോഹൻലാൽ. പ്രശസ്ത സംവിധായകൻ അടൂർ ഗോപാല കൃഷ്ണൻ ആണ് ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരം ലഭിച്ച ആദ്യ മലയാളി. 2004ലെ ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരമാണ് അടൂർ ഗോപാല കൃഷ്ണന് ലഭിച്ചത്.
    - ➔ രാജ്യത്തെ പരമോന്നത ചലച്ചിത്ര ബഹുമതിയാണ് ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരം. രാജ്യത്തെ പ്രഥമ സമ്പൂർണ ഫീച്ചർസിനിമയായ രാജ ഹരിശ്ചന്ദ്രയുടെ സംവിധായകനായ ദാദാ സാഹേബ് ഫാൽക്കെയുടെ സ്മരണ നിലനിർത്താൻ കേന്ദ്രസർക്കാർ 1969-ൽ ഏർപ്പെടുത്തിയതാണ് പുരസ്കാരം.
    - ➔ 2022ലെ ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരത്തിന് അർഹനായ ബോളിവുഡ് നടൻ - മിഥുൻ ചക്രവർത്തി

## രമൺ മാഗ്സസെ പുരസ്കാരം 2025

- 2025-ലെ രമൺ മാഗ്സസെ പുരസ്കാരം ലഭിച്ച ഇന്ത്യൻ സംഘടന - എജുക്കേറ്റ് ഗേൾസ് ഗ്ലോബലി
    - ➔ മാഗ്സസെ പുരസ്കാരം ലഭിക്കുന്ന ആദ്യ ഇന്ത്യൻ സംഘടനയാണ് എജുക്കേറ്റ് ഗേൾസ് ഗ്ലോബലി.
    - ➔ പിന്നാക്കഗ്രാമങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഇന്ത്യൻ സന്നദ്ധസംഘടനയാണ് 'എജുക്കേറ്റ് ഗേൾസ് ഗ്ലോബലി'.
    - ➔ സഫീന ഹുസൈൻ, 2007-ൽ രാജസ്ഥാൻ ആസ്ഥാനമായി ആരംഭിച്ച സംഘടനയാണ് എജുക്കേറ്റ് ഗേൾസ് ഗ്ലോബലി.
    - ➔ മാലദ്വീപിൽനിന്നുള്ള പരിസ്ഥിതിപ്രവർത്തക ഷാഹിന അലി, ഫിലിപ്പീൻസിലെ സാമൂഹികപ്രവർത്തകനും പുരോഹിതനുമായ ഫ്ലാവിയാനോ അന്റോണിയോ എൽ വിലനുയേവ എന്നിവരും 2025-ലെ രമൺ മാഗ്സസെ പുരസ്കാരത്തിന് അർഹരായി.

## ആർദ്ര കേരളം പുരസ്കാരം 2023-24

- ആരോഗ്യ മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ് ആർദ്ര കേരളം പുരസ്കാരം.
- സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് - വെള്ളിനേഴി, പാലക്കാട്
  - ➔ രണ്ടാം സ്ഥാനം - മണീട്, എറണാകുളം
  - ➔ മൂന്നാം സ്ഥാനം - നൂൽപ്പുഴ, വയനാട്
- സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് - പള്ളുരുത്തി, എറണാകുളം
  - ➔ രണ്ടാം സ്ഥാനം - നീലേശ്വരം, കാസറഗോഡ്
  - ➔ മൂന്നാം സ്ഥാനം - ചേളന്നൂർ, കോഴിക്കോട്
- സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് - ഇടുക്കി
  - ➔ രണ്ടാം സ്ഥാനം - പത്തനംതിട്ട
  - ➔ മൂന്നാം സ്ഥാനം - കണ്ണൂർ
- സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് - ഗുരുവായൂർ മുനിസിപ്പാലിറ്റി, തൃശൂർ
  - ➔ രണ്ടാം സ്ഥാനം - മട്ടന്നൂർ മുനിസിപ്പാലിറ്റി, കണ്ണൂർ
  - ➔ മൂന്നാം സ്ഥാനം - കൽപ്പറ്റ മുനിസിപ്പാലിറ്റി, വയനാട്
- സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് - തിരുവനന്തപുരം
  - ➔ രണ്ടാം സ്ഥാനം - കൊല്ലം

## ഏഷ്യാകപ്പ് ടി20 ക്രിക്കറ്റ് ടൂർണമെന്റ് 2025

- വേദി - യുഎഇ
- കിരീട ജേതാക്കൾ - ഇന്ത്യ
  - ➔ ഫൈനലിൽ പാകിസ്ഥാനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ ഏഷ്യാകപ്പ് കിരീടം സ്വന്തമാക്കിയത്.
  - ➔ മാൻ ഓഫ് ദി ഫൈനൽ മാച്ച് - തിലക് വർമ്മ
- ഇന്ത്യയുടെ ക്യാപ്റ്റൻ - സൂര്യകുമാർ യാദവ്
- മാൻ ഓഫ് ദി ടൂർണമെന്റ് - അഭിഷേക് ശർമ്മ

- ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ ഭാഗമായിരുന്ന മലയാളി ക്രിക്കറ്റ് താരം - സഞ്ജു സാംസൺ

**യുഎസ് ഓപ്പൺ 2025**

- പുരുഷ സിംഗിൾസ് കിരീട ജേതാവ് - കാർലോസ് അൽക്കരാസ്
  - ഫൈനലിൽ ഇറ്റലിയുടെ യാനിക് സിന്നറെ പരാജയപ്പെടുത്തിയാണ് സ്പാനിഷ് താരം കാർലോസ് അൽക്കരാസ് കിരീടം സ്വന്തമാക്കിയത്.
- വനിതാ സിംഗിൾസ് കിരീട ജേതാവ് - ആര്യാന സബലേങ്ക
  - ഫൈനലിൽ അമേരിക്കൻ താരമായ അമാൻഡ അനിസിമോവയെ പരാജയപ്പെടുത്തിയാണ് ബെലറൂസ് താരമായ ആര്യാന സബലേങ്ക കിരീടം സ്വന്തമാക്കിയത്.
  - യുഎസ് ഓപ്പണിൽ തുടർച്ചയായ രണ്ടാംതവണയാണ് സബലേങ്ക കിരീടം നേടുന്നത്.

**പുരുഷ ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പ് 2025**

- പുരുഷ ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിന്റെ 12-ാമത് പതിപ്പ്.
- വേദി - ബിഹാർ, ഇന്ത്യ
- ഭാഗ്യചിഹ്നം - ചന്ദ് (കടുവ)
- കിരീടജേതാക്കൾ - ഇന്ത്യ
  - ഫൈനലിൽ ദക്ഷിണ കൊറിയയെ പരാജയപ്പെടുത്തിയാണ് ഇന്ത്യ ജേതാക്കളായത്.
  - ഇന്ത്യയുടെ നാലാം ഏഷ്യാ കപ്പ് ഹോക്കി കിരീടമാണിത്.
  - ഏഷ്യാ കപ്പ് ജേതാക്കളായതോടെ 2026ലെ ലോകകപ്പ് ഹോക്കിക്ക് ഇന്ത്യ യോഗ്യത നേടി.

**കേരള ക്രിക്കറ്റ് ലീഗ് 2025**

- കേരള ക്രിക്കറ്റ് ലീഗിന്റെ 2-ാമത് പതിപ്പ്.
- ഔദ്യോഗിക ഭാഗ്യ ചിഹ്നങ്ങൾ - ബാറ്റേന്തിയ കൊമ്പൻ, മലമുഴക്കി വേഴാമ്പൽ, ചാക്യാർ
- കിരീട ജേതാക്കൾ - കൊച്ചി ബ്ലൂ ടൈഗേഴ്സ്
  - ഫൈനലിൽ കൊല്ലം സെയ്‌ലേഴ്സിനെ പരാജയപ്പെടുത്തിയാണ് കൊച്ചി ബ്ലൂ ടൈഗേഴ്സ് കിരീടം സ്വന്തമാക്കിയത്.
  - പ്ലെയർ ഓഫ് ദി ഫൈനൽ - വിനൂപ് മനോഹരൻ (കൊച്ചി ബ്ലൂ ടൈഗേഴ്സ്)
- പ്ലെയർ ഓഫ് ദ ടൂർണമെന്റ്- അഖിൽ സ്കറിയ (കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസ്)

- കൂടുതൽ റൺസ് നേടിയതിനുള്ള ഓറഞ്ച് ക്യാപ് സ്വന്തമാക്കിയത് - കൃഷ്ണ പ്രസാദ് (അദാനി ട്രിവാൻഡ്രം റോയൽസ്)
- കൂടുതൽ വിക്കറ്റ് നേടിയതിനുള്ള പർപ്പിൾ ക്യാപ് സ്വന്തമാക്കിയത് - അഖിൽ സ്കറിയ (കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസ്)

# ലോകം

- 2025 ൽ ക്ലാസ് സമയങ്ങളിൽ മൊബൈൽ ഫോണുകളുടെയും മറ്റു സ്മാർട്ട് ഉപകരണങ്ങളുടെയും ഉപയോഗം നിരോധിക്കുന്ന ബിൽ പാസ്സാക്കിയ രാജ്യം - ദക്ഷിണ കൊറിയ

- 2025 സെപ്റ്റംബറിൽ ആയിരത്തിലേറെ ആളുകളുടെ മരണത്തിനു കാരണമായ ഭൂകമ്പം നടന്ന രാജ്യം - അഫ്ഗാനിസ്ഥാൻ

- മസ്തിഷ്കമരണം സംഭവിച്ച മനുഷ്യനിൽ ജനിതകമാറ്റം വരുത്തിയ പന്നിയുടെ ശ്വാസകോശം മാറ്റിവെക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തിയ ലോകത്തെ ആദ്യ രാജ്യം - ചൈന

- 2025 സെപ്റ്റംബറിൽ സാമൂഹികമാധ്യമങ്ങളുടെ നിരോധനത്തിനെതിരേ സംഘടിച്ച രാജ്യത്തെ യുവാക്കളുടെ പ്രതിഷേധത്തെ തുടർന്ന് രാജി വെച്ച നേപ്പാൾ പ്രധാനമന്ത്രി - കെ.പി. ശർമ ഒലി
  - ➔ സാമൂഹികമാധ്യമങ്ങളുടെ നിരോധനത്തിനെതിരേയാണ് ജെൻ സീ പ്രതിഷേധം എന്ന പേരിൽ യുവാക്കൾ നേപ്പാളിൽ പ്രക്ഷോഭം ആരംഭിച്ചത്.

- 2025 സെപ്റ്റംബറിൽ സാമൂഹികമാധ്യമങ്ങളുടെ നിരോധനത്തിനെതിരേ സംഘടിച്ച രാജ്യത്തെ യുവാക്കളുടെ പ്രതിഷേധത്തെ തുടർന്ന് രാജി വെച്ച നേപ്പാൾ രാഷ്ട്രപതി - രാംചന്ദ്ര പൗഡേൽ
  - ➔ രാജ്യത്തെ യുവാക്കളുടെ പ്രതിഷേധത്തെ തുടർന്ന് നേപ്പാൾ പ്രധാനമന്ത്രി കെ.പി. ശർമ ഒലിയും നേരത്തെ രാജി വെച്ചു.

- 2025 സെപ്റ്റംബറിൽ രാജി വെച്ച ജപ്പാൻ പ്രധാനമന്ത്രി - ഷിഗേരു ഇഷിബ
  - ➔ ജൂലായിൽ നടന്ന പാർലമെന്റ് ഉപരിസഭാ തെരഞ്ഞെടുപ്പിലെ പരാജയമാണ് രാജിയിലേക്ക് നയിച്ചത്.

- മൗണ്ട് ഫുജി കൊടുമുടി കീഴടക്കിയ ഏറ്റവും പ്രായം കൂടിയ വ്യക്തി - കൊക്കിച്ചി അക്കുസാവ
    - 102 വർഷവും 51 ദിവസവും പ്രായമുള്ളപ്പോഴാണ് കൊക്കിച്ചി അക്കുസാവ മൗണ്ട് ഫുജി കീഴടക്കിയത്.
    - മൗണ്ട് ഫുജി (3776 മീറ്റർ) ജപ്പാനിലെ ഏറ്റവും ഉയരം കൂടിയ പർവതമാണ്.

- 2025 സെപ്റ്റംബറിൽ നേപ്പാളിന്റെ ഇടക്കാല പ്രധാനമന്ത്രിയായി അധികാരമേറ്റത് - സുശീല കാർക്കി
    - നേപ്പാളിന്റെ ആദ്യ വനിത പ്രധാനമന്ത്രിയാണ് സുശീല കാർക്കി.
    - നേപ്പാൾ സുപ്രീംകോടതിയുടെ മുൻ ചീഫ് ജസ്റ്റിസാണ് സുശീല കാർക്കി.
    - നിലവിലെ രാഷ്ട്രീയ പ്രതിസന്ധിയും അസ്ഥിരതയും മറികടക്കുന്നതിനാണ് ഇടക്കാല സർക്കാർ രൂപീകരിച്ചത്.

- ഭരണകൂട അട്ടിമറിക്ക് ശ്രമിച്ചെന്ന കുറ്റത്തിന് 2025 സെപ്റ്റംബറിൽ 27 വർഷവും മൂന്നു മാസവും ജയിൽ ശിക്ഷ ലഭിച്ച മുൻ ബ്രസീലിയൻ പ്രസിഡന്റ് - ജെയ്ർ ബൊൽസൊനാരോ
    - ബൊൽസൊനാരോ 2019ലാണ് പ്രസിഡന്റായത്. 2022ലെ തിരഞ്ഞെടുപ്പിൽ ബൊൽസൊനാരോ ഇടത് നേതാവ് ലൂയീസ് ഇനാഷ്യോ ലൂല ഡ സിൽവയോട് പരാജയപ്പെട്ടു. പിന്നാലെ രാജ്യത്തുണ്ടായ കലാപം, ലൂല അധികാരത്തിൽ എത്താതിരിക്കാൻ ബൊൽസൊനാരോ ആവിഷ്കരിച്ചതാണെന്നായിരുന്നു ആരോപണം.

- 2025 സെപ്റ്റംബറിൽ ദേശീയ അസംബ്ലിയിൽ നടന്ന വിശ്വാസ വോട്ടെടുപ്പിൽ പരാജയപ്പെട്ടതിനെ തുടർന്ന് പുറത്താക്കപ്പെട്ട ഫ്രാൻസിന്റെ പ്രധാനമന്ത്രി - ഫ്രാൻസ്വ ബെയ്റോ

- 2025 സെപ്റ്റംബറിൽ ഫ്രാൻസിന്റെ പുതിയ പ്രധാനമന്ത്രിയായി ചുമതലയേറ്റത് - സെബാസ്റ്റ്യൻ ലെകോർനു

- ലോകത്തിലെ ആദ്യത്തെ ഡിജിറ്റൽ ഗോത്ര സർവകലാശാല - ആദി സംസ്കൃതി

- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് നിർമിച്ച വിർച്വൽ മന്ത്രിയെ നിയമിച്ച ആദ്യ രാജ്യം - അൽബേനിയ
    - രാജ്യത്തെ പൊതുഭരണകാര്യങ്ങളും പൊതുചെലവുകളും നിരീക്ഷിക്കാനും അഴിമതി തുടച്ചുനീക്കാനും ലക്ഷ്യമിട്ടാണ് എഐ മന്ത്രിയെ നിയമിച്ചത്.

→ സൂര്യൻ എന്നർത്ഥം വരുന്ന 'ഡിയല്ല' എന്നാണ് എഐ മന്ത്രിക്ക് നൽകിയിരിക്കുന്ന പേര്.

# ഇന്ത്യ

- ഉത്തർപ്രദേശിലെ ഷാജഹാൻപുർ ജില്ലയിലെ ജലാലാബാദ് നഗരത്തിന്റെ പുതിയ പേര് - പരശുരാമപുരി

- അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് (A.D.R), നാഷണൽ ഇലക്ഷൻ വാച്ച് (N.E.W) എന്നിവയുടെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ ഏറ്റവും സമ്പന്നനായ മുഖ്യമന്ത്രി - ചന്ദ്രബാബു നായിഡു (ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി)
  - → അരുണാചൽ പ്രദേശ് മുഖ്യമന്ത്രി പേമ ഖണ്ഡു, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ എന്നിവരാണ് പട്ടികയിൽ രണ്ടും മൂന്നും സ്ഥാനങ്ങളിൽ.
  - → പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയാണ് ഏറ്റവും കുറവ് ആസ്തിയുള്ള മുഖ്യമന്ത്രി.

- ഭാവിയിലെ യുദ്ധങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കും, വിവിധ സേനാവിഭാഗങ്ങൾക്കിടയിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനും, സാങ്കേതികവിദ്യയുടെ ഉപയോഗത്തെക്കുറിച്ച് പഠിക്കാനും ലക്ഷ്യമിട്ടുള്ള ‘റാൻ സംവാദ്-2025 (Ran Samvad-2025)’ എന്ന ദ്വിദിന സെമിനാറിന് വേദിയായത് - ആർമി വാർ കോളേജ്, മധ്യപ്രദേശ്

- രാജ്യത്തെ വൈവിധ്യമാർന്ന ആദിവാസി ഗോത്രഭാഷകളുടെ എഐ തർജമയ്ക്ക് ആദിവാസി ക്ഷേമ മന്ത്രാലയം അവതരിപ്പിച്ച പുതിയ മൊബൈൽ ആപ്ലിക്കേഷൻ - ആദി വാണി
  - → ഐഐടി ഡൽഹി, ബിറ്റ്സ് പിലാനി, ഹൈദരാബാദ്-നയാ റായ്പൂർ ഐഐഐടികൾ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ആദിവാസി ക്ഷേമ മന്ത്രാലയം ആപ്പ് വികസിപ്പിച്ചത്.

- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് പ്രതിമാസം 2,100 രൂപ നൽകി സാമ്പത്തികമായി സഹായിക്കുന്നതിനുള്ള ക്ഷേമ പദ്ധതിയായ ‘ലാഡോ ലക്ഷ്മി യോജന’ ആരംഭിച്ച സംസ്ഥാനം - ഹരിയാന

- ഊർജ്ജ മന്ത്രാലയം പ്രസിദ്ധീകരിച്ച സംസ്ഥാന ഊർജ്ജ കാര്യക്ഷമതാ സൂചിക (SEEI) 2024 പ്രകാരം ഊർജ്ജ കാര്യക്ഷമതയിൽ ഒന്നാമതുള്ള സംസ്ഥാനം - മഹാരാഷ്ട്ര

- തമിഴ്നാട്ടിലെ മൂന്നാമത്തെ ജൈവവൈവിധ്യ പൈതൃക സ്ഥലം - എലത്തൂർ തടാകം
  - ➔ തമിഴ്നാട്ടിലെ ഈറോഡ് ജില്ലയിലാണ് എലത്തൂർ തടാകം സ്ഥിതി ചെയ്യുന്നത്.

- ഇന്ത്യയുടെ കാർഷിക-ഭക്ഷ്യ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി കാർഷിക, സംസ്കരിച്ച ഭക്ഷ്യ ഉൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി (APEDA)ആരംഭിച്ച സംരംഭം - BHARATI

- 2025 സെപ്റ്റംബറിൽ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ സിംഗപ്പൂർ പ്രധാനമന്ത്രി - ലോറൻസ് വോങ്

- സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം 2025–26 സാമ്പത്തിക വർഷത്തിലെ ഒന്നാം പാദത്തിൽ ഇന്ത്യയുടെ ജിഡിപി വളർച്ച - 7.8%

- 216 മണിക്കൂർ തുടർച്ചയായി ഭരതനാട്യം നൃത്തം അവതരിപ്പിച്ച് ഗോൾഡൻ ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിൽ ഇടം നേടിയ നർത്തകി - വിദുഷി ദീക്ഷ

- വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് ഇന്ത്യയിൽ 2024 -25 വർഷത്തിൽ സമുദ്രോത്പന്ന കയറ്റുമതിയിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം - ആന്ധ്രാപ്രദേശ്
  - ➔ തമിഴ്നാട് രണ്ടാം സ്ഥാനവും, കേരളം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

- വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് ഇന്ത്യയിൽ 2024 -25 വർഷത്തിൽ രാജ്യത്തെ തുറമുഖങ്ങളിൽനിന്നുള്ള കയറ്റുമതിയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ തുറമുഖം - കൊച്ചി തുറമുഖം
  - ➔ വിശാഖപട്ടണം തുറമുഖം ഒന്നാം സ്ഥാനവും, ജവഹർലാൽ നെഹ്റു തുറമുഖം രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

- 2025 സെപ്റ്റംബറിൽ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഭൂട്ടാൻ പ്രധാനമന്ത്രി - ഷെറിംഗ് ടോബ്ഗെ

- 2025 സെപ്റ്റംബറിൽ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ മൗറീഷ്യസ് പ്രധാനമന്ത്രി - നവീൻചന്ദ്ര രാംഗൂലം

- രാജ്യത്തെ ആദ്യത്തെ മുള അധിഷ്ഠിത ബയോറിഫൈനറി പദ്ധതി നിലവിൽ വന്ന സംസ്ഥാനം - ആസാം
    - ആസാമിലെ ഗോലാഘട്ട് ജില്ലയിലെ നുമലിഗഢിലാണ് പദ്ധതി നിലവിൽ വന്നത്.

- സ്ത്രീകളെ സാമ്പത്തിക സഹായം നൽകുന്നതിലൂടെയും സ്വാശ്രയത്വം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ശാക്തീകരിക്കുന്നതിനായി 2025ൽ മഹിളാ റോജ്ഗർ യോജന പദ്ധതി ആരംഭിച്ച സംസ്ഥാനം - ബീഹാർ

- മഹാരാഷ്ട്രയിലെ അഹമ്മദ് നഗർ റെയിൽവേ സ്റ്റേഷന് നൽകിയ പുതിയ പേര് - അഹല്യനഗർ
    - മറാത്ത രാജ്ഞി അഹല്യ ഭായ് ഹോൾക്കറുടെ 300-ാം ജന്മവാർഷികം 2025ൽ ആഘോഷിക്കുന്നതിനാൽ, ജില്ലയെ അഹല്യനഗർ എന്ന് പുനർനാമകരണം ചെയ്തതിന് പിന്നാലെയാണ് അഹമ്മദ് നഗർ റെയിൽവേ സ്റ്റേഷന്റെ പേരും മാറ്റിയത്.

- പൂർണമായും സെറാമിക് മാലിന്യംകൊണ്ട് നിർമിച്ച ലോകത്തിലെ ആദ്യ പാർക്കായ 'അനോഖി ദുനിയ' നിലവിൽ വന്നത് - ഖുർജ, ഉത്തർപ്രദേശ്

- രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറത്തിറക്കിയ 2023-ലെ സാംപിൾ രജിസ്ട്രേഷൻ സിസ്റ്റം റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും കുറഞ്ഞ ശിശുമരണനിരക്കുള്ള സംസ്ഥാനം - മണിപ്പൂർ

- ടൈം മാഗസിന്റെ കിഡ് ഓഫ് ദി ഇയർ 2025 ആയി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ വംശജ - തേജസ്വി മനോജ്
    - മുതിർന്ന പൗരന്മാരെ ഓൺലൈൻ തട്ടിപ്പുകളിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനായി രൂപകൽപന ചെയ്ത "Shield Seniors" എന്ന പ്ലാറ്റ്ഫോം സ്ഥാപിച്ചതിലൂടെയാണ് തേജസ്വി ശ്രദ്ധേയയായത്.

- അനാഥരായ കുട്ടികൾക്കും മാതാപിതാക്കളിൽ ഒരാളെ നഷ്ടപ്പെടുന്നവർക്കും 18 വയസ് പൂർത്തിയാകുന്നതുവരെ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുന്ന 'അൻപ് കരങ്ങൾ' പദ്ധതി ആരംഭിച്ച സംസ്ഥാനം - തമിഴ്നാട്

- സ്ത്രീകൾക്കായുള്ള ഏഷ്യയിലെ ആദ്യത്തെ സമർപ്പിത കാൻസർ പരിചരണ കേന്ദ്രം നിലവിൽ വന്നത് - ന്യൂഡൽഹി
  - ➔ അപ്പോളോ ഹോസ്പിറ്റൽസ് ആണ് ‘അപ്പോളോ അഥീന’ എന്ന പേരിൽ സ്ത്രീകൾക്കായുള്ള കാൻസർ പരിചരണ കേന്ദ്രം ആരംഭിച്ചത്.

## കേരളം

- സാമൂഹ്യനീതി വകുപ്പിന്റെ തൻമുദ്ര കാമ്പയിനിന് കീഴിൽ യൂണിവേഴ്സൽ ഡിസെബിലിറ്റി ഐഡി (യുഡിഐഡി) രജിസ്ട്രേഷൻ പൂർത്തിയാക്കിയ കേരളത്തിലെ ആദ്യ ജില്ല - കോഴിക്കോട്

- 'മോസ്റ്റ് എൻഗേജിങ് സോഷ്യൽ മീഡിയ ക്യാമ്പെയ്ൻ' വിഭാഗത്തിൽ  പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റെ (പാറ്റ) 2025-ലെ ഗോൾഡ് അവാർഡ് കരസ്ഥമാക്കിയത് - കേരള ടൂറിസം

- സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ പൂർണമായും ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി നിലവിൽ വന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം - ഇ-സമൃദ്ധ

- സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്കുള്ള ആദ്യ സർവകലാശാല ഹോസ്റ്റൽ സജ്ജീകരിച്ചത് - എംജി യൂണിവേഴ്സിറ്റി
  - ➔ വേമ്പനാട് എന്നാണ് ഹോസ്റ്റലിന് നൽകിയിരിക്കുന്ന പേര്.

- 2025 ലെ നെഹ്റു ട്രോഫി വള്ളംകളി കിരീട ജേതാക്കൾ - വീയപുരം ചുണ്ടൻ
  - ➔ 71-ാമത് നെഹ്റു ട്രോഫി വള്ളംകളി
  - ➔ ഭാഗ്യചിഹ്നം -  വള്ളം തുഴഞ്ഞ് നീങ്ങുന്ന കാക്കത്തമ്പുരാട്ടി

- 2025 ലെ ഓണ പ്രചാരണത്തിന്റെ ഭാഗമായി ലോകപ്രശസ്തമായ ലിയോണാർഡോ ഡാവിഞ്ചിയുടെ ‘മോണാലിസ’ എന്ന പെയിന്റിംഗ് കേരളത്തനിമ ഉൾപ്പെടുത്തി അവതരിപ്പിച്ചത് - കേരള ടൂറിസം
  - ➔ മോണാലിസയെ കസവ് സാരി ഉടുപ്പിച്ച് തലയിൽ മുല്ലപ്പൂവും ചൂടിച്ച ചിത്രമാണ് ടൂറിസം വകുപ്പിന്റെ പരസ്യത്തിലുള്ളത്.

- 2025ൽ യുനെസ്കോയുടെ പൈതൃക കേന്ദ്രങ്ങളുടെ താത്കാലിക പട്ടികയിൽ ഉൾപ്പെട്ട കേരളത്തിൽ നിന്നുള്ള പൈതൃക മേഖല - വർക്കല ക്ലിഫ്
    - വർക്കല കുന്നിനുപുറമേ മഹാബലേശ്വറിലെ ഡെക്കാൻ ട്രാപ്സ് (മഹാരാഷ്ട്ര), ഉഡുപ്പിയിലെ സെയ്ന്റ് മേരീസ് ഐലന്റ് ക്ലസ്റ്റർ (കർണാടക), മേഘാലയയിലെ മേഘാലയൻ ഏജ് ഹിൽസ് (മേഘാലയ), നാഗാ ഹിൽ ഒഫിയോലൈറ്റ് (നാഗാലാൻഡ്), എറാ മട്ടി ദിബ്ബാലു (ആന്ധ്രപ്രദേശ്), തിരുമല ഹിൽസ് (ആന്ധ്രപ്രദേശ്) എന്നിവയും താത്കാലിക പട്ടികയിൽ ഇടം പിടിച്ചു.

- വിവിധ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുന്ന ദേശീയ ബഹുമതിയായ 'സ്വദേശ് സമ്മാൻ' 2025 ൽ നേടിയ കേരളത്തിലെ പൊതുമേഖലാ സ്ഥാപനം - കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെഎസ്എഫ്ഇ)

- രാജ്യത്ത് ആദ്യമായി സ്ത്രീകൾക്ക് വേണ്ടി പ്രത്യേക വെൽനസ് ക്ലിനിക് ആരംഭിച്ച സംസ്ഥാനം - കേരളം

- ഗവൺമെന്റ് അംഗീകൃത ലൈസൻസോ അധികാര പത്രമോ ഇല്ലാതെ പണം അമിത പലിശയ്ക്ക് കൊടുക്കുന്നവരെ പിടികൂടുന്നതിനായി കേരള പോലീസ് 2025 സെപ്റ്റംബറിൽ നടത്തിയ ഓപ്പറേഷൻ - ഓപ്പറേഷൻ ഷൈലോക്ക്

- പ്രവാസികൾക്കായി നോർക്ക ആരംഭിച്ച സമഗ്ര ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതി - നോർക്ക കെയർ

- ഇന്ത്യ ആദ്യമായി ആതിഥേയത്വം വഹിച്ച ലോക തേക്ക് കോൺഫറൻസിന് വേദിയായത് - കൊച്ചി, എറണാകുളം
    - ലോക തേക്ക് കോൺഫറൻസിന്റെ 5-ാമത് പതിപ്പ്.

- ലോകത്തിലെ ഏറ്റവും ഉയരമേറിയ വാഹനപാതയായ ഖർദുങ് ലാ പാസിൽ നടന്ന 72 കിലോമീറ്റർ അൾട്രാ മാരത്തോൺ ചലഞ്ച് പൂർത്തിയാക്കി കേരളത്തിൽ നിന്നുള്ള ആദ്യ വനിത - സോജ സിയ

# കായികം

- അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ ഏറ്റവും വേഗമേറിയ സെഞ്ചുറി കരസ്ഥമാക്കിയ ഇന്ത്യൻ താരം - സ്മൃതി മന്ദാന
    - ➔ ഓസ്ട്രേലിയയ്ക്കെതിരായ വനിതാ ഏകദിന ക്രിക്കറ്റിൽ 50 പന്തിലാണ് സ്മൃതി മന്ദാന സെഞ്ചുറി നേടിയത്.
    - ➔ 52 പന്തിൽ സെഞ്ചുറി നേടിയ വിരാട് കോഹ്‌ലിയുടെ റെക്കോഡ് ആണ് സ്മൃതി മന്ദാന മറികടന്നത്.
    - ➔ വനിതാ ഏകദിന ക്രിക്കറ്റിലെ ഏറ്റവും വേഗമേറിയ രണ്ടാമത്തെ സെഞ്ചുറി നേടിയ താരം എന്ന നേട്ടവും സ്മൃതി മന്ദാന സ്വന്തമാക്കി. 45 പന്തിൽ സെഞ്ചുറി നേടിയ മെഗ് ലാനിംഗിന്റെ പേരിലാണ് വേഗമേറിയ സെഞ്ചുറിയുടെ റെക്കോഡ്.

- ക്രിക്കറ്റ് കളിക്കാരുടെ ഫിറ്റ്നസ് വിലയിരുത്തുന്നതിനായി ബിസിസിഐ അവതരിപ്പിച്ച പുതിയ ഫിറ്റ്നസ് ടെസ്റ്റ് - ബ്രോങ്കോ ടെസ്റ്റ്

- 2025ലെ ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ കിരീട ജേതാക്കൾ - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്സി
    - ➔ ഫൈനലിൽ ഡയമണ്ട് ഹാർബറിനെ പരാജയപ്പെടുത്തിയാണ് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്സി ഡ്യൂറണ്ട് കപ്പ് കിരീടം സ്വന്തമാക്കിയത്.

- പ്രഥമ ഖേലോ ഇന്ത്യ ജല കായിക മേളയുടെ മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനം നേടിയ സംസ്ഥാനം - മധ്യപ്രദേശ്
    - ➔ പ്രഥമ ഖേലോ ഇന്ത്യ ജല കായിക മേളയുടെ വേദി - ജമ്മു കശ്മീർ
    - ➔ പ്രഥമ ഖേലോ ഇന്ത്യ ജല കായിക മേളയുടെ ഭാഗ്യചിഹ്നം - ഹിമാലയൻ കിംഗ്ഫിഷർ

- 2025 ലെ ഡയമണ്ട് ലീഗ് അത്‌ലറ്റിക്സ് ഫൈനലിലെ ജാവലിൻ ത്രോയിൽ വെള്ളി മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ താരം - നീരജ് ചോപ്ര
    - ➔ 2022 സീസണിൽ ഡയമണ്ട് ലീഗ് ചാംപ്യനായിരുന്ന നീരജ് ചോപ്ര അതിനുശേഷം തുടർച്ചയായ മൂന്നാം സീസണിലാണ് വെള്ളി മെഡൽ സ്വന്തമാക്കുന്നത്.
    - ➔ ജർമ്മനിയുടെ ജൂലിയൻ വെബർ സ്വർണ്ണ മെഡലും ട്രിനിഡാഡ് ആന്റ് ടുബാഗൊയുടെ കെഷോൺ വാൽക്കോട്ട് വെങ്കല മെഡലും കരസ്ഥമാക്കി.

- അടുത്തിടെ ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റുകളിൽ നിന്നും വിരമിച്ച ഇന്ത്യൻ താരം - ചേതേശ്വർ പൂജാര
    - ➔ ഇന്ത്യയ്ക്കായി ടെസ്റ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ കളിക്കാരിലൊരാളാണ് ചേതേശ്വർ പൂജാര.
    - ➔ 2010 ൽ അരങ്ങേറ്റം കുറിച്ചതിനുശേഷം 103 ടെസ്റ്റുകളിലും 5 ഏകദിനങ്ങളിലും ഇന്ത്യയെ പ്രതിനിധീകരിച്ചു.43.60 ശരാശരിയിൽ 7,195 ടെസ്റ്റ് റൺസ് സ്വന്തമാക്കിയിട്ടുണ്ട്.

- 2025 സെപ്റ്റംബറിൽ അന്താരാഷ്ട്ര ടി20 ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ഓസ്ട്രേലിയൻ പേസർ - മിച്ചൽ സ്റ്റാർക്ക്

- 2025 സെപ്റ്റംബറിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിച്ച യുഎഇ ദേശീയ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റനും മലയാളിയുമായ ക്രിക്കറ്റർ - സി.പി. റിസ്‌വാൻ
    - ➔ അന്താരാഷ്ട്ര ക്രിക്കറ്റിൽ സെഞ്ചുറി നേടിയ ആദ്യ മലയാളി ക്രിക്കറ്റർ ആണ് സി.പി. റിസ്‌വാൻ. അയർലണ്ടിനെതിരെയാണ് റിസ്‌വാൻ ആദ്യ സെഞ്ചുറി നേടിയത്.

- 2025 ലെ വേൾഡ് യൂത്ത് സ്ക്രാബിൾ ചാമ്പ്യൻഷിപ്പ് (WYSC) കിരീടം സ്വന്തമാക്കിയ ഇന്ത്യൻതാരം - മാധവ് ഗോപാൽ കാമത്ത്
    - ➔ മലേഷ്യയിലെ ക്വാലാലംപൂരിൽ നടന്ന 2025 ലെ വേൾഡ് യൂത്ത് സ്ക്രാബിൾ ചാമ്പ്യൻഷിപ്പിലാണ് 14 വയസ്സുള്ള മാധവ് ഗോപാൽ കാമത്ത് കിരീടം സ്വന്തമാക്കിയത്.
    - ➔ ലോക സ്ക്രാബിൾ കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരൻ എന്ന നേട്ടവും ഇതോടെ മാധവ് ഗോപാൽ കാമത്ത് സ്വന്തമാക്കി.

- 25-ാമത് കോമൺവെൽത്ത് ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ സീനിയർ വിഭാഗത്തിൽ 13 മെഡലുകൾ നേടി മെഡൽ പട്ടികയിൽ ഒന്നാമതെത്തിയ രാജ്യം - ഇന്ത്യ
    - ➔ സീനിയർ ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ 4 സ്വർണവും 6 വെള്ളിയും 3 വെങ്കലവുമടക്കം 13 മെഡലുകൾ ഇന്ത്യ സ്വന്തമാക്കി.
    - ➔ സീനിയർ, ജൂനിയർ, യൂത്ത് വിഭാഗങ്ങളിൽ ഇന്ത്യ ആകെ 40 മെഡലുകൾ സ്വന്തമാക്കി.

- 25-ാമത് കോമൺവെൽത്ത് ഭാരോദ്വഹന ചാമ്പ്യൻഷിപ്പിന് വേദിയായത് - അഹമ്മദാബാദ്, ഇന്ത്യ

- 2025-ലെ ഫോർമുല വൺ ഡച്ച് ഗ്രാൻഡ് പ്രിക്സ് കിരീട ജേതാവ് - ഓസ്കർ പിയാസ്ട്രി

- 2025-ലെ ബാഡ്മിന്റൺ ലോക ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ പുരുഷ ഡബിൾസ് സഖ്യം - സാത്വിക് സായ്രാജ് രങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി

- 11-ാമത് ഏഷ്യൻ അക്വാട്ടിക്സ് ചാമ്പ്യൻഷിപ്പിന്റെ ഭാഗ്യചിഹ്നം - ജൽവീർ
- 11-ാമത് ഏഷ്യൻ അക്വാട്ടിക്സ് ചാമ്പ്യൻഷിപ്പിന്റെ വേദി - അഹമ്മദാബാദ്, ഗുജറാത്ത്

- 62-ാമത് ദേശീയ ചെസ് ചാമ്പ്യൻഷിപ്പിന്റെ വേദി - ആന്ധ്രാപ്രദേശ്

- 2025ലെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 100 മീറ്ററിൽ സ്വർണമെഡൽ കരസ്ഥമാക്കിയത് - ഒബ്ലീക് സെവില്ല (ജമൈക്ക)
  - ➔ ജമൈക്കയുടെ തന്നെ കിഷെയ്ൻ തോംപ്സൻ വെള്ളി മെഡലും, അമേരിക്കയുടെ നോഹ ലൈൽസ് വെങ്കല മെഡലും സ്വന്തമാക്കി.

- 2025ലെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന്റെ വേദി - ടോക്കിയോ, ജപ്പാൻ
  - ➔ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന്റെ 20-ാമത് പതിപ്പ്.

- 2025 സെപ്റ്റംബറിൽ ബൗളർമാരുടെ ഐസിസി ടി-20 അന്താരാഷ്ട്ര റാങ്കിങ്ങിൽ ഒന്നാമതെത്തിയ ഇന്ത്യൻ താരം - വരുൺ ചക്രവർത്തി

- 2025ലെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ജാവലിൻ ത്രോയിൽ സ്വർണ മെഡൽ കരസ്ഥമാക്കിയത് - കെഷ്റോൺ വാൽകോട്ട് (ട്രിനിഡാഡ്)
  - ➔ ഗ്രനഡ താരം ആൻഡേഴ്സൺ പീറ്റേഴ്സൺ വെള്ളി മെഡലും യു.എസ്.എ യുടെ കുർടിസ് തോംസൺ വെങ്കല മെഡലും സ്വന്തമാക്കി.
  - ➔ ഇന്ത്യൻ താരമായ സച്ചിൻ യാദവ് നാലാം സ്ഥാനം കരസ്ഥമാക്കി.
  - ➔ 2023ലെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ജാവലിൻ ത്രോയിലെ സ്വർണ മെഡൽ ജേതാവായ ഇന്ത്യയുടെ നീരജ് ചോപ്ര എട്ടാംസ്ഥാനം കരസ്ഥമാക്കി.

- 2025ലെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 100 മീറ്ററിൽ സ്വർണ മെഡൽ കരസ്ഥമാക്കിയത് - മെലിസ്സ ജെഫേസൺ വൂഡൻ (യു.എസ്.എ)
  - ➔ മീറ്റ് റെക്കോഡായ 10.61 സെക്കൻഡിലാണ് മെലിസ്സ ജെഫേസൺ വൂഡൻ ഫിനിഷ് ചെയ്തത്.

- 2025-ലെ ദുലീപ് ട്രോഫി കിരീട ജേതാക്കൾ - സെൻട്രൽ സോൺ
  - ➔ ഫൈനലിൽ സൗത്ത് സോണിനെ പരാജയപ്പെടുത്തിയാണ് സെൻട്രൽ സോൺ കിരീടം സ്വന്തമാക്കിയത്.

- 2025ലെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പുരുഷ പോൾവാൾട്ടിൽ സ്വർണമെഡൽ കരസ്ഥമാക്കിയ സ്വീഡിഷ് പോൾവാട്ട് താരം - അർമാൻഡ് ഡ്യൂപ്ലാന്റിസ്

- 2025ലെ ഏഷ്യാ കപ്പ് ക്രിക്കറ്റിൽ യു.എ.ഇ ടീമിനു വേണ്ടി കളിക്കുന്ന മലയാളി ക്രിക്കറ്റ് താരം - അലിഷാൻ ഷറഫു

- 2025ലെ കാഫ നേഷൻസ് കപ്പ് ഫുട്ബോൾ കിരീട ജേതാക്കൾ - ഉസ്ബക്കിസ്ഥാൻ
  - ➔ ഫൈനലിൽ ഇറാനെ പരാജയപ്പെടുത്തിയാണ് ഉസ്ബക്കിസ്ഥാൻ കിരീടം സ്വന്തമാക്കിയത്.
  - ➔ ഒമാനെ പരാജയപ്പെടുത്തി ഇന്ത്യ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

- ചെസ് ചരിത്രത്തിൽ ഒരു ഗ്രാൻഡ്മാസ്റ്ററെ പരാജയപ്പെടുത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ ചെസ് താരം - അഭിമന്യു മിശ്ര
  - ➔ ഫിഡെ ഗ്രാൻഡ് സ്വിസ്സിന്റെ അഞ്ചാം റൗണ്ടിൽ അമേരിക്കയുടെ അഭിമന്യു മിശ്രയാണ് ഇന്ത്യയുടെ ഗുകേഷിനെ പരാജയപ്പെടുത്തി നേട്ടം സ്വന്തമാക്കിയത്.
  - ➔ ക്ലാസിക്കൽ ചെസ്സിൽ നിലവിലെ ചാമ്പ്യനെ പരാജയപ്പെടുത്തുന്ന ചരിത്രത്തിലെ ഏറ്റവും പ്രായംകുറഞ്ഞ താരമെന്ന നേട്ടവും അഭിമന്യു മിശ്ര സ്വന്തമാക്കി.

- ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഹൈജംപിൽ ഫൈനലിൽ എത്തുന്ന ആദ്യ ഇന്ത്യൻ താരം - സർവേഷ് അനിൽ കുഷാരെ

- 2025-ലെ ഫോർമുല വൺ ഇറ്റാലിയൻ ഗ്രാൻപ്രീ കിരീട ജേതാവ് - മാക്സ് വെസ്റ്റപ്പൻ

- 2025-ലെ ഫോർമുല വൺ അസർബൈജാൻ ഗ്രാൻപ്രീ കിരീട ജേതാവ് - മാക്സ് വെസ്റ്റപ്പൻ

- 2025 ലെ സാഫ് അണ്ടർ 17 ഫുട്ബോൾ ടൂർണമെന്റ് കിരീട ജേതാക്കൾ - ഇന്ത്യ
  - ➔ ഫൈനലിൽ ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ കിരീടം സ്വന്തമാക്കിയത്.
  - ➔ ഏഴാം തവണയാണ് ഇന്ത്യ കിരീടം സ്വന്തമാക്കുന്നത്.

    - 2025 ലെ സാഫ് അണ്ടർ 17 ഫുട്ബോൾ ടൂർണമെന്റിന്റെ വേദി - കൊളംബോ, ശ്രീലങ്ക

- 2025 ലെ ഫിഡെ ഗ്രാൻഡ് സ്വിസ് ടൂർണമെന്റിൽ കിരീടം സ്വന്തമാക്കിയത് - അനീഷ് ഗിരി
    - 2025 ലെ ഫിഡെ ഗ്രാൻഡ് സ്വിസ് ടൂർണമെന്റിന്റെ വേദി - സമർഖണ്ഡ് , ഉസ്ബെക്കിസ്ഥാൻ

- 2025 ലെ ഫിഡെ വനിതാ ഗ്രാൻഡ് സ്വിസ് ടൂർണമെന്റിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യൻ ചെസ്സ് താരം - ആർ. വൈശാലി
    - 2025 ലെ ഫിഡെ ഗ്രാൻഡ് സ്വിസ് ടൂർണമെന്റിന്റെ വേദി - സമർഖണ്ഡ് , ഉസ്ബെക്കിസ്ഥാൻ

- 2025 ലെ വനിതാ ഏഷ്യാ കപ്പ് ഹോക്കി കിരീട ജേതാക്കൾ - ചൈന
    - ഫൈനലിൽ ഇന്ത്യയെ പരാജയപ്പെടുത്തിയാണ് ചൈന ഏഷ്യാ കപ്പ് കിരീടം സ്വന്തമാക്കിയത്.
    - 2025 ലെ വനിതാ ഏഷ്യാ കപ്പ് ഹോക്കി ടൂർണമെന്റിന്റെ വേദി - ഹാങ്ഷൗ, ചൈന

# സാഹിത്യം

- 'Operation Sindoor: The Untold Stories of India's Deep Strikes Inside Pakistan' എന്ന പുസ്തകത്തിന്റെ രചയിതാവ് - ലെഫ്റ്റനന്റ് ജനറൽ കെ.ജെ.എസ്. ധില്ലൺ

- 'The One: Cricket, My Life and More' എന്ന ഓർമ്മക്കുറിപ്പിന്റെ രചയിതാവ് - ശിഖർ ധവാൻ (മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം)

- 'ദി ചോള ടൈഗേഴ്സ്: അവഞ്ചേഴ്സ് ഓഫ് സോമനാഥ്' (The Chola Tigers: Avengers of Somnath) എന്ന നോവലിന്റെ രചയിതാവ് - അമിഷ് ത്രിപാഠി
    - 1025-ൽ ഗസ്നിയിലെ മഹ്മൂദ് സോമനാഥ ക്ഷേത്രം ആക്രമിച്ചതിനെത്തുടർന്നുള്ള സംഭവങ്ങളാണ് നോവലിന്റെ ഇതിവൃത്തം.

- സംഗീതജ്ഞ എം.എസ്. സുബ്ബുലക്ഷ്മിയുടെയും ഭർത്താവ് ത്യാഗരാജൻ സദാശിവത്തിന്റെയും ജീവിതം അടിസ്ഥാനമാക്കി കവി ബി.കെ. ഹരിനാരായണൻ രചിച്ച പുസ്തകം - ശിവം ശുഭം : ദി ബയോഗ്രഫി ഓഫ് എ കപ്പിൾ

- ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ 'ഐ ആം ജോർജിയ മൈ റൂട്ട്സ്, മൈ പ്രിൻസിപ്പിൾസ്' എന്ന ആത്മകഥയുടെ ഇന്ത്യൻ പതിപ്പിന് ആമുഖം എഴുതിയ ഇന്ത്യൻ നേതാവ് - നരേന്ദ്ര മോദി (ഇന്ത്യൻ പ്രധാനമന്ത്രി)

## മറ്റ് പുരസ്കാരങ്ങൾ

- ജപ്പാൻ സർക്കാരിന്റെ 2025 ലെ ഫോറിൻ മിനിസ്റ്റേഴ്സ് കമാൻഡേഷൻ ബഹുമതി ലഭിച്ച മലയാളി ശാസ്ത്രജ്ഞൻ - ഡി. ശക്തികുമാർ

- 2025ൽ പി.വി.നരസിംഹ റാവു പുരസ്കാരത്തിന് അർഹനായത് - മൻമോഹൻ സിംഗ്
    - ➔ രാജ്യത്തെ സാമ്പത്തിക പരിഷ്കരണത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്.

## ശാസ്ത്ര സാങ്കേതിക മേഖല

- 'നാനോ ബനാന' എന്ന എഐ ഫോട്ടോ എഡിറ്റിംഗ് ടൂൾ പുറത്തിറക്കിയ ടെക് കമ്പനി - ഗൂഗിൾ

- ഇന്ത്യ പൂർണ്ണമായും തദ്ദേശീയമായി നിർമ്മിച്ച ആദ്യ 32-ബിറ്റ് മൈക്രോപ്രൊസസ്സർ - വിക്രം 3201
    - ➔ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ഐഎസ്ആർഒ), ചണ്ഡീഗഡ് ആസ്ഥാനമായുള്ള സെമികണ്ടക്ടർ ലബോറട്ടറി (എസ്സിഎൽ) എന്നിവയുമായി സഹകരിച്ചാണ് പ്രോസസർ വികസിപ്പിച്ചെടുത്തത്.

- റഷ്യ വികസിപ്പിച്ച എംആർഎൻഎ അടിസ്ഥാനമാക്കിയുള്ള കാൻസർ വാക്സിൻ - എൻട്രോമിക്സ്

- ആദ്യകാല പ്രപഞ്ചത്തെക്കുറിച്ച് പഠിക്കുന്നതിനായി രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ആർആർഐ) വികസിപ്പിച്ചെടുത്ത റേഡിയോമീറ്റർ - പ്രതുഷ് റേഡിയോമീറ്റർ
    - ➔ പ്രപഞ്ചത്തിൽ ആദ്യമായി നക്ഷത്രങ്ങളും ഗാലക്സികളും രൂപം കൊണ്ട കാലഘട്ടം, കോസ്മിക് ഡോൺ എന്നറിയപ്പെടുന്ന കാലഘട്ടം, നിരീക്ഷിക്കുകയാണ് പ്രതുഷ് ലക്ഷ്യമിടുന്നത്.
    - ➔ പ്രപഞ്ചം എങ്ങനെ പരിണമിച്ചുവെന്ന് മനസ്സിലാക്കുന്നതിന് നിർണായകമായ, ഈ വിദൂര ഭൂതകാലത്തിൽ നിന്ന്

ന്യൂട്രൽ ഹൈഡ്രജൻ ആറ്റങ്ങൾ പുറപ്പെടുവിച്ച സൂക്ഷ്മമായ റേഡിയോ സിഗ്നലുകളെ ഈ പരീക്ഷണം കണ്ടെത്തും.

- മനുഷ്യരിലും മൃഗങ്ങളിലും നിപ വൈറസ് ബാധ കണ്ടെത്താൻ സഹായിക്കുന്ന സ്യൂഡോവൈറസ് പരിശോധനാസംവിധാനം വികസിപ്പിച്ചത് - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി തോന്നക്കൽ

- ഓഫ്‌ലൈൻ ക്ലാസുകളും ഓൺലൈനായി ലഭിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിക്കുന്ന പഠനപോർട്ടൽ - കെ-ലേൺ
  - ➔ വിദ്യാർഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെ സാധ്യമാക്കുന്ന കെ- റീപ്പ് (കേരള റിസോഴ്സ് ഫോർ എജുക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ്) പദ്ധതിയുടെ ഭാഗമായാണ് കെ ലേൺ നടപ്പാക്കുന്നത്.

- നാവികസേനയ്ക്ക് കൈമാറിയ തദ്ദേശീയമായി നിർമിച്ച ആന്റി-സബ്മറൈൻ യുദ്ധക്കപ്പൽ - ഐഎൻഎസ് ആന്ത്രോത്ത്
  - ➔ കൊൽക്കത്തയിലെ ഗാർഡൻ റീച്ച് ഷിപ്പ്ബിൽഡേഴ്സ് ആൻഡ് എൻജിനീയേഴ്സാണ് കപ്പൽ നിർമിച്ചത്.
  - ➔ എട്ട് ആന്റി-സബ്മറൈൻ വാർഫെയർ-ഷാലോ വാട്ടർ ക്രാഫ്റ്റുകളിൽ രണ്ടാമത്തേതാണിത്.

## ഇന്ത്യ - പദ്ധതികൾ

- തെരുവ് കച്ചവടക്കാർക്ക് താങ്ങാനാവുന്ന വായ്പകൾ നൽകുന്നതിനായി ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ മൈക്രോ ക്രെഡിറ്റ് പദ്ധതി - പിഎം സ്ട്രീറ്റ് വെണ്ടേഴ്സ് ആത്മനിർഭർ നിധി (PM SVANidhi)
  - ➔ കോവിഡ്-19 ലോക്ക്ഡൗൺ മൂലം പ്രതികൂലമായി ബാധിക്കപ്പെട്ട തെരുവ് കച്ചവടക്കാർക്ക് അവരുടെ ഉപജീവനമാർഗ്ഗം പുനരാരംഭിക്കുന്നതിന് താങ്ങാനാവുന്ന വിലയിൽ പ്രവർത്തന മൂലധന വായ്പ നൽകുന്നതിനായി 2020 ജൂൺ 01 നാണ് ഭവന, നഗരകാര്യ മന്ത്രാലയം പിഎം സ്ട്രീറ്റ് വെണ്ടേഴ്സ് ആത്മനിർഭർ നിധി (പിഎം സ്വനിധി) ആരംഭിച്ചത്.
  - ➔ തുടക്കത്തിൽ 2022 മാർച്ച് വരെയായിരുന്നു പദ്ധതിയുടെ കാലാവധി, പിന്നീട് 31.12.2024 വരെ നീട്ടി. ഇപ്പോൾ ഇത് 2030 മാർച്ച് 31 വരെ നീട്ടിയിരിക്കുന്നു.

## കേരളം - പദ്ധതികൾ

- ഗർഭിണികൾക്കും അമ്മമാർക്കും ആയുർവേദ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ പരിചരണം നൽകാനായി വനിതാ സഹകരണ സംഘങ്ങളുടെ സംസ്ഥാന ഫെഡറേഷനായ വനിത ഫെഡ് (വുമൺ കോ -ഓപ്പറേറ്റീവ് ഫെഡറേഷൻ) ആരംഭിച്ച പദ്ധതി - സൂതികാമിത്രം
    - ➔ സഹകരണ, ആയുഷ് വകുപ്പുകളുടേയും നാഷണൽ ആയുഷ് മിഷന്റെയും പിന്തുണയോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

- ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തമുറപ്പാക്കുന്നതിനും സർക്കാരിനും ജനങ്ങൾക്കുമിടയിലുള്ള ആശയവിനിമയം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആരംഭിച്ച പുതിയ പദ്ധതി - മുഖ്യമന്ത്രി എന്നോടൊപ്പം (സിഎം വിത്ത് മി)
    - ➔ ജനങ്ങൾക്ക് 1800-425-6789 എന്ന ടോൾഫ്രീ നമ്പറിലൂടെ സിറ്റിസൺ കണക്ട് സെന്ററിലേക്ക് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും അറിയിക്കാം.
    - ➔ ജനകീയ വിഷയങ്ങളിൽ അതിവേഗ പരിഹാരം എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് ഈ സംരംഭം.

## സിനിമ

- 2026 ഓസ്കാറിൽ അന്താരാഷ്ട്ര ഫീച്ചർ ഫിലിം വിഭാഗത്തിൽ മത്സരിക്കുന്നതിനായി പാപ്പുവ ന്യൂ ഗിനിയയുടെ ഔദ്യോഗിക എൻട്രിയായി തിരഞ്ഞെടുക്കപ്പെട്ട, മലയാളിയായ ഡോ. ബിജു സംവിധാനം ചെയ്ത ചിത്രം - പപ്പ ബുക്ക

- ഇന്റർ കോണ്ടിനെന്റൽ മ്യൂസിക് അവാർഡ്സിൽ ഏഷ്യൻ ഫോക് വിഭാഗത്തിലെ മികച്ച ഗാനങ്ങളിലൊന്നായി തിരഞ്ഞെടുക്കപ്പെട്ട 'കുറുമാലിപ്പുഴ' രചനയും സംഗീതസംവിധാനവും ചെയ്ത മലയാളി- അഞ്ജലി മുകുന്ദം
    - ➔ അനൂപ് കൃഷ്ണൻ സംവിധാനംചെയ്ത 'കൺമഷി' എന്ന ഹ്രസ്വചിത്രത്തിന്റെ ഭാഗമാണ് 'കുറുമാലിപ്പുഴ'.

- ലോകത്തിലെ പ്രശസ്ത ചലച്ചിത്ര മേളകളിലൊന്നായ വാൻകൂവർ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പി. അഭിജിത്ത് സംവിധാനം ചെയ്ത ഡോക്യുമെന്ററി - Iam Revathi
    - ➔ എഴുത്തുകാരിയും ആക്ടിവിസ്റ്റും അഭിനേതാവുമായ ട്രാൻസ് വുമൺ എ. രേവതിയുടെ ജീവിതമാണ് പി. അഭിജിത്ത് സംവിധാനം ചെയ്ത 'Iam Revathi' എന്ന ഡോക്യുമെന്ററിയുടെ ഇതിവൃത്തം.

- 82-ാമത് വെനീസ് ചലച്ചിത്രമേളയിൽ സിൽവർ ലയൺ പ്രൈസ് പുരസ്കാരം ലഭിച്ച ചിത്രം - വോയിസ് ഓഫ് ഹിന്ദ് റജാബ്
    - ➔ സംവിധാനം - കൗതർ ബെൻ ഹെനിയ
    - ➔ ഗാസയിൽ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ കൊല്ലപ്പെട്ട അഞ്ചുവയസുകാരിയായ ഹിന്ദ് റജാബിന്റെ കഥയാണ് ചിത്രം പറയുന്നത്.

- 82-ാമത് വെനീസ് ചലച്ചിത്രമേളയിൽ മികച്ച സംവിധായികയ്ക്കുള്ള ഒറിസോണ്ടി അവാർഡ് നേടിയ ഇന്ത്യൻ വനിത - അനുപർണ റോയ്
    - ➔ ചിത്രം - Songs of Forgotten Trees
    - ➔ വെനീസ് അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ഒറിസോണ്ടി വിഭാഗത്തിൽ മികച്ച സംവിധായികയക്കുള്ള പുരസ്കാരം നേടുന്ന ആദ്യ ഇന്ത്യൻ സംവിധായികയാണ് അനുപർണ റോയി.

- ഇന്ത്യയിൽ നിന്ന് ടൊറോന്റോ മേളയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ സീരീസ് - ഗാന്ധി
    - ➔ സംവിധാനം - ഹൻസൽ മേത്ത
    - ➔ വിഖ്യാത ചരിത്രകാരനും എഴുത്തുകാരനുമായ രാമചന്ദ്ര ഗുഹയുടെ Gandhi Before India, Gandhi: The Years That Changed the World എന്നീ പുസ്തകങ്ങളെ ആധാരമാക്കി ഹൻസൽ മേത്ത സംവിധാനം ചെയ്ത പരമ്പരയാണ് 'ഗാന്ധി'.
    - ➔ പ്രതീക് ഗാന്ധിയാണ് മഹാത്മജിയുടെ വേഷത്തിൽ അഭിനയിച്ചത്.

- റഷ്യൻ പ്രസിഡൻറ് വ്ലാദിമിർ പുതിന്റെ ജീവിതകഥ ആസ്പദമാക്കി 'ദി വിസാർഡ് ഓഫ് ക്രെംലിൻ' എന്ന ചലച്ചിത്രം സംവിധാനം ചെയ്തത് - ഒലിവർ അസായസ്
    - ➔ പുതിന്റെ വേഷം ചെയ്തിരിക്കുന്നത് ഇംഗ്ലിഷ് നടൻ ജൂഡ് ലോ ആണ്.

# നിയമനങ്ങൾ

- ഇന്ത്യയുടെ പുതിയ ഡെപ്യൂട്ടി ദേശീയ സുരക്ഷാ ഉപദേഷ്ടാവായി (എൻഎസ്എ) നിയമിതനായത് - അനീഷ് ദയാൽ സിംഗ്
- പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ പുതിയ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത് - മഹേന്ദ്ര മോഹൻ ഗുപ്ത
- പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ പുതിയ വൈസ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത് - എം.വി. ശ്രേയാംസ് കുമാർ (മാതൃഭൂമി മാനേജിങ് ഡയറക്ടർ)
- രാജ്യാന്തര നാണയനിധിയുടെ (ഐഎംഎഫ്) ഇന്ത്യയിൽ നിന്നുള്ള പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായ മുൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) ഗവർണർ - ഊർജിത് പട്ടേൽ
- മുതിർന്ന പൗരരുടെ അവകാശ സംരക്ഷണത്തിന് വേണ്ടി ആദ്യമായി രൂപീകരിച്ച കേരള സംസ്ഥാന വയോജന കമ്മീഷന്റെ പ്രഥമ അധ്യക്ഷനായി നിയമിതനായത് - അഡ്വ.കെ.സോമപ്രസാദ്
- റെയിൽവേ ബോർഡിന്റെ പുതിയ ചെയർമാനും സിഇഒയുമായി നിയമിതനായത് - സതീഷ് കുമാർ
- ആണവോർജ്ജ വകുപ്പ് (ഡിഎഇ) സെക്രട്ടറിയും ആണവോർജ്ജ കമ്മീഷൻ ചെയർമാനുമായി രണ്ടാമതും  നിയമിതനായത് - ഡോ. അജിത് കുമാർ മൊഹന്തി
    - ആണവോർജ്ജ വകുപ്പ് (ഡിഎഇ) സെക്രട്ടറിയും ആണവോർജ്ജ കമ്മീഷൻ ചെയർമാനുമായ ഡോ. അജിത് കുമാർ മൊഹന്തിയുടെ കാലാവധി ആറ് മാസത്തേക്ക് മന്ത്രിസഭയുടെ നിയമന സമിതി (എസിസി) നീട്ടി.
- 2025 സെപ്റ്റംബറിൽ ഇന്ത്യയുടെ പുതിയ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് (CGA) ആയി നിയമിതയായത് - ടി.സി.എ. കല്യാണി
- ഇന്ത്യയിൽ ക്രിക്കറ്റ് ഫുട്വെയറിന്റെ പ്രചാരവും വിപണി സാന്നിധ്യവും വർദ്ധിപ്പിക്കുന്നതിനായി സ്കെച്ചേഴ്സിന്റെ ബ്രാൻഡ് അംബാസഡറായി നിയമിതനായ ഇന്ത്യൻ ക്രിക്കറ്റ് താരം - മുഹമ്മദ് സിറാജ്

- 2025 സെപ്റ്റംബറിൽ നാസയിൽ അസ്സോസിയേറ്റ് അഡ്മിനിസ്ട്രേറ്റർ ആയി നിയമിതനായ ഇന്ത്യൻ വംശജൻ - അമിത് ക്ഷത്രിയ

- 2025 സെപ്റ്റംബറിൽ യുകെയുടെ ഉപപ്രധാനമന്ത്രിയും നീതിന്യായ സെക്രട്ടറിയുമായി നിയമിതനായത് - ഡേവിഡ് ലാമി
  - ➔ നികുതി വിവാദത്തെത്തുടർന്ന് ബ്രിട്ടീഷ് ഉപപ്രധാനമന്ത്രി ആഞ്ചല റെയ്നർ രാജിവെച്ചതിനെ തുടർന്നാണ് ഡേവിഡ് ലാമി പുതിയ ഉപപ്രധാനമന്ത്രിയായി നിയമിതനായത്.

- 2025 സെപ്റ്റംബറിൽ തായ്‌ലൻഡിന്റെ പുതിയ പ്രധാനമന്ത്രിയായി ചുമതലയേറ്റത് - അനുതിൻ ചർൺവിരാകുൽ

- ഇന്ത്യയുടെ 15-ാമത് ഉപരാഷ്ട്രപതി - സി. പി. രാധാകൃഷ്ണൻ
  - ➔ മുഴുവൻ പേര് - ചന്ദ്രപുരം പൊന്നുസാമി രാധാകൃഷ്ണൻ
  - ➔ പ്രതിപക്ഷ സ്ഥാനാർത്ഥി റിട്ട. ജസ്റ്റിസ് ബി സുദർശൻ റെഡ്ഡിയെ പരാജയപ്പെടുത്തിയാണ് സി. പി. രാധാകൃഷ്ണൻ ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടത്.
  - ➔ തമിഴ്നാട്ടിൽനിന്ന് ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്ന മൂന്നാമത്തെ വ്യക്തിയാണ് രാധാകൃഷ്ണൻ.
  - ➔ 2025 ജൂലൈയിൽ ആരോഗ്യപരമായ കാരണങ്ങളാൽ ഇന്ത്യയുടെ ഉപരാഷ്ട്രപതി സ്ഥാനത്ത് നിന്ന് ജഗ്ദീപ് ധൻഖർ രാജി വെച്ചതിനെ തുടർന്നാണ് പുതിയ തിരഞ്ഞെടുപ്പ് നടന്നത്.

- ഐക്യരാഷ്ട്രസഭയുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക അവകാശ കമ്മിറ്റി (CESCR) അധ്യക്ഷയായി തിരഞ്ഞെടുക്കപ്പെട്ട മുൻ ഇന്ത്യൻ നയതന്ത്രജ്ഞ - പ്രീതി സരൺ
  - ➔ ഐക്യരാഷ്ട്രസഭയിലെ അംഗരാജ്യങ്ങളിൽ സാമ്പത്തികവും സാമൂഹികവുമായ അവകാശങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര ഉടമ്പടികൾ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്ന ഒരു പ്രധാന സ്ഥാപനമാണ് CESCR.

## വിയോഗം

- 2025 സെപ്റ്റംബറിൽ അന്തരിച്ച ബ്രിട്ടീഷ് ബോക്സിങ് ഇതിഹാസം - റിക്കി ഹാറ്റൺ

- IBF, WBA ലൈറ്റ്-വെൽറ്റർവെയ്റ്റ്, വെൽറ്റർവെയ്റ്റ് എന്നീ കിരീടങ്ങൾ നേടിയിട്ടുണ്ട്.

- 2025 സെപ്റ്റംബറിൽ അന്തരിച്ച പ്രശസ്ത ഭരതനാട്യം നർത്തകി - ശാരദ ഹോഫ്മൻ
  - കലാക്ഷേത്രയിൽനിന്ന് ബിരുദം നേടിയ രണ്ടാമത്തെ വിദ്യാർഥിനിയാണ് ശാരദ ഹോഫ്മൻ. പിന്നീട് കലാക്ഷേത്രയിൽത്തന്നെ പ്രധാന നർത്തകിയും അധ്യാപികയും നൃത്തവിഭാഗം മേധാവിയുമായി.
  - 1989-ൽ കലാക്ഷേത്രയിൽനിന്ന് നൃത്തവിഭാഗം മേധാവിയായി വിരമിച്ചെങ്കിലും 1996 വരെ എമെറിറ്റസ് അംഗമായി സേവനമനുഷ്ഠിച്ചു.
  - 1996-ൽ കേന്ദ്ര സംഗീത-നാടക അക്കാദമി അവാർഡ് ലഭിച്ചു.

- 2025 സെപ്റ്റംബറിൽ അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും മുൻ നിയമസഭാ സ്പീക്കറും മുൻ മന്ത്രിയുമായിരുന്ന രാഷ്ട്രീയ നേതാവ് - പി.പി. തങ്കച്ചൻ
  - 1991-1995-ലെ കെ. കരുണാകരൻ മന്ത്രിസഭയിൽ സ്പീക്കറായും, 1995-1996-ലെ എ.കെ. ആന്റണി മന്ത്രിസഭയിലെ കൃഷിവകുപ്പ് മന്ത്രിയായും, 1996-2001-ലെ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ ചീഫ് വിപ്പായും അദ്ദേഹം പ്രവർത്തിച്ചു.

# സൈനികാഭ്യാസം

- ഇന്ത്യ-തായ്‌ലൻഡ് സംയുക്ത സൈനിക അഭ്യാസമായ മൈത്രി 2025ന്റെ വേദി - ഉംറോയ്, മേഘാലയ

- അമേരിക്ക, ദക്ഷിണ കൊറിയ, ജപ്പാൻ എന്നീ രാജ്യങ്ങൾ പങ്കെടുക്കുന്ന ഫ്രീഡം എഡ്ജ് 2025 എന്ന സംയുക്ത വ്യോമ, നാവിക അഭ്യാസത്തിന്റെ വേദി - ജെജു ദ്വീപ്, ദക്ഷിണ കൊറിയ

# റാങ്കിംഗ്

- കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (MoSPI) പുറത്തിറക്കിയ 2023-24 ലെ വ്യവസായങ്ങളുടെ വാർഷിക സർവേ (ASI) പ്രകാരം, നിർമ്മാണ മേഖലയിൽ ഫാക്ടറികളുടെ എണ്ണത്തിലും ജോലി ചെയ്യുന്ന വ്യക്തികളുടെ എണ്ണത്തിലും ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം - തമിഴ്നാട്
  - ➔ സർവേ പ്രകാരം, ഇന്ത്യയിലുടനീളമുള്ള ഫാക്ടറികളിൽ ആകെ 1,95,89,131 പേർ ജോലി ചെയ്യുന്നുണ്ട്, അതിൽ 15.24% തമിഴ്നാടിലാണ്. ഈ വിഭാഗത്തിൽ തമിഴ്നാടിന് പിന്നിലുള്ളത് ഗുജറാത്ത് (13.07%), മഹാരാഷ്ട്ര (12.95%), ഉത്തർപ്രദേശ് (8.30%), കർണാടക (6.29%) എന്നീ സംസ്ഥാനങ്ങളാണ്.
  - ➔ ഇന്ത്യയിലുടനീളമുള്ള 2,60,061 ഫാക്ടറികളിൽ 15.43% ഉം തമിഴ്നാടിലാണ്. ഗുജറാത്ത് (12.81%), മഹാരാഷ്ട്ര (10.20%), ഉത്തർപ്രദേശ് (8.51%), ആന്ധ്രാപ്രദേശ് (6.16%) എന്നീ സംസ്ഥാനങ്ങളാണ് തമിഴ്നാടിന് പിന്നിലുള്ളത്.

- ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇക്കണോമിക്സ് & പീസ് പുറത്തിറക്കിയ 2025 ലെ ആഗോള സമാധാന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം - 115
  - ➔ ഒന്നാം റാങ്ക് - ഐസ്‌ലാൻഡ്
  - ➔ രണ്ടാം റാങ്ക് - അയർലാൻഡ്
  - ➔ മൂന്നാം റാങ്ക് - ന്യൂസിലാൻഡ്
  - ➔ 2024 ലെ ആഗോള സമാധാന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം - 116

- വിദ്യാഭ്യാസ മന്ത്രാലയം പുറത്തിറക്കിയ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF) ഇന്ത്യ റാങ്കിംഗ്സ് 2025 പ്രകാരം തുടർച്ചയായ ഏഴാം വർഷവും ഓവറോൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസ്
  - ➔ രണ്ടാം റാങ്ക് - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ബെംഗളൂരു
  - ➔ മൂന്നാം റാങ്ക് - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ബോംബെ

# വേദികൾ

- കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സംഘടിപ്പിക്കുന്ന 38-ാമത് കേരള ശാസ്ത്ര കോൺഗ്രസിന്റെ വേദി - കൊച്ചി, എറണാകുളം
  - ➔ 37-ാമത് കേരള ശാസ്ത്ര കോൺഗ്രസിന്റെ വേദി - കാർഷിക സർവ്വകലാശാല,മണ്ണുത്തി (തൃശൂർ)

- 2026 ലെ ബിഡബ്ല്യുഎഫ് ബാഡ്മിന്റൺ ലോക ചാമ്പ്യൻഷിപ്പിന്റെ വേദി - ന്യൂഡൽഹി, ഇന്ത്യ

- 2025 ലെ ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിന്റെ വേദി - ലിവർപൂൾ,  ഇംഗ്ലണ്ട്

- 2025 ലെ ബിഡബ്ല്യുഎഫ് ബാഡ്മിന്റൺ ലോക ചാമ്പ്യൻഷിപ്പിന്റെ വേദി - പാരീസ്, ഫ്രാൻസ്

- ഇന്ത്യയുടെ സെമികണ്ടക്ടർ വ്യവസായം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യവുമായി സംഘടിപ്പിച്ച 'സെമികോൺ ഇന്ത്യ 2025' സമ്മേളനത്തിന് വേദിയായത് - ന്യൂഡൽഹി

- തീരസംരക്ഷണസേനയുടെ 2027ലെ ആഗോള ഉച്ചകോടിയുടെ വേദി - ചെന്നൈ, ഇന്ത്യ
  - ➔ തീരസംരക്ഷണസേനയുടെ ആഗോള ഉച്ചകോടിയുടെ അഞ്ചാമത് പതിപ്പ്.

# പ്രധാന ദിനങ്ങൾ

- അന്താരാഷ്ട്ര നാളികേര ദിനം - സെപ്റ്റംബർ 02
  - ➔ 2025 Theme - 'Uncovering Coconut's Power, Inspiring Global Action.'
  - ➔ നാളികേരത്തിന്റെ ഗുണങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും നാളികേര വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാ വർഷവും സെപ്റ്റംബർ 2 ന് ലോക നാളികേര ദിനം ആഘോഷിക്കുന്നു.
  - ➔ ഇന്തോനേഷ്യയിലെ ജക്കാർത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏഷ്യൻ ആൻഡ് പസഫിക് കോക്കനട്ട്

കമ്മ്യൂണിറ്റിയുടെ (APCC) നിർദേശ പ്രകാരമാണ് നാളികേര ദിനം ആചരിച്ചു വരുന്നത്. 2009 മുതലാണ് ദിനാചരണം ആരംഭിച്ചത്.

- ദേശീയ അധ്യാപക ദിനം - സെപ്റ്റംബർ 05
  - ➔ പ്രശസ്തനായ അധ്യാപകനും ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയും തത്ത്വചിന്തകനുമായിരുന്ന ഡോ. സർവ്വേപ്പിള്ളി രാധാകൃഷ്ണന്റെ ജന്മദിനമാണ് ദേശീയ അധ്യാപക ദിനമായി ആചരിക്കുന്നത്.
  - ➔ 1888 സെപ്റ്റംബർ 5 നാണ് ഡോ. സർവ്വേപ്പിള്ളി രാധാകൃഷ്ണൻ ജനിച്ചത്.

- അന്താരാഷ്ട്ര സാക്ഷരതാ ദിനം - സെപ്റ്റംബർ 08
  - ➔ 2025 Theme - 'ഡിജിറ്റൽ യുഗത്തിൽ സാക്ഷരത പ്രോത്സാഹിപ്പിക്കുക' (Promoting literacy in the digital era)
  - ➔ കൂടുതൽ സാക്ഷരതയുള്ളതും നീതിയുക്തവും സമാധാനപരവും സുസ്ഥിരവുമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിന് സാക്ഷരതയുടെ നിർണായക പ്രാധാന്യത്തെക്കുറിച്ച് നയരൂപകർത്താക്കൾ, പൊതുജനങ്ങൾ എന്നിവരെ ഓർമ്മിപ്പിക്കുന്നതിനായി 1967 മുതൽ ലോകമെമ്പാടും സെപ്റ്റംബർ 8 ന് അന്താരാഷ്ട്ര സാക്ഷരതാ ദിനം ആഘോഷിക്കുന്നു.

- ദേശീയ ഹിന്ദി ദിനം - സെപ്റ്റംബർ 14
  - ➔ 1949 സെപ്റ്റംബർ 14 നാണ് ഇന്ത്യൻ ഭരണഘടനാ അസംബ്ലി പുതുതായി രൂപീകരിച്ച രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയായി ഹിന്ദിയെ അംഗീകരിച്ചത്.

- അന്താരാഷ്ട്ര ജനാധിപത്യ ദിനം - സെപ്റ്റംബർ 15
  - ➔ 2007-ൽ യുഎൻ ജനറൽ അസംബ്ലി പാസാക്കിയ പ്രമേയത്തിലൂടെയാണ് ഇത് സ്ഥാപിക്കപ്പെട്ടത്,
  - ➔ ജനങ്ങളാൽ കെട്ടിപ്പടുത്ത രാഷ്ട്ര ഭരണ സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുകയും, ജനാധിപത്യത്തിന്റെ പ്രസക്തിയെക്കുറിച്ചുള്ള അവബോധം ലോകമെമ്പാടുമുള്ള പൊതുജനങ്ങൾക്ക് പകർന്നു കൊടുക്കുക എന്നതുമാണ് ഈ ദിനത്തിന്റെ പ്രസക്തി.

- ദേശീയ എഞ്ചിനിയേഴ്സ് ദിനം - സെപ്റ്റംബർ 15
  - ➔ എം വിശ്വേശ്വരയ്യയുടെ ജന്മദിനമായ സെപ്റ്റംബർ 15 ആണ് ഇന്ത്യയിൽ എഞ്ചിനിയേഴ്സ് ദിനം ആയി ആചരിക്കുന്നത്.

- ലോക ഓസോൺ ദിനം - സെപ്റ്റംബർ 16
  - ➔ 2025 Theme: From science to global action

- 1994-ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി സെപ്തംബർ 16 ഓസോൺ പാളിയുടെ സംരക്ഷണത്തിനായുള്ള അന്താരാഷ്ട്ര ദിനമായി പ്രഖ്യാപിച്ചു. ഓസോൺ പാളിയുടെ സംരക്ഷണത്തിനായി 1987 സെപ്റ്റംബർ 16-ന് മോൺട്രിയോളിൽ ഉടമ്പടി ഒപ്പുവച്ചതിനാലാണ് സെപ്റ്റംബർ 16-ന് ലോക ഓസോൺ ദിനമായി ആചരിക്കുന്നത്.

- ലോക സമാധാനദിനം - സെപ്റ്റംബർ 21
  - 2025 Theme - 'Act Now for a Peaceful World'
  - 1981 ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭയാണ് അന്താരാഷ്ട്ര സമാധാന ദിനം സ്ഥാപിച്ചത് . രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷം, 2001-ൽ ജനറൽ അസംബ്ലി ഐക്യകണ്ഠേന ഈ ദിനത്തെ അഹിംസയുടെയും വെടിനിർത്തലിന്റെയും കാലഘട്ടമായി പ്രഖ്യാപിച്ചു.

- ലോക അൽഷിമേഴ്സ് ദിനം - സെപ്റ്റംബർ 21
  - 2025 Theme - Ask about Dementia. Ask about Alzheimer's
  - അൽഷിമേഴ്സ് രോഗത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് സെപ്റ്റംബർ 21 ലോക അൽഷിമേഴ്സ് ദിനമായി ആചരിക്കുന്നത്.


- അന്ത്യോദയ ദിവസ് - സെപ്റ്റംബർ 25
  - പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയുടെ ജന്മദിനമാണ് അന്ത്യോദയ ദിവസ് ആയി ആചരിക്കുന്നത്.

- ലോക വിനോദസഞ്ചാര ദിനം - സെപ്റ്റംബർ 27
  - 2025 Theme - Tourism and Sustainable Transformation
  - യുണൈറ്റഡ് നേഷൻ വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ ആഹ്വാനപ്രകാരം എല്ലാവർഷവും സെപ്റ്റംബർ 27-ന് ലോക വിനോദസഞ്ചാര ദിനമായി ആചരിക്കുന്നു. ലോക ജനതയെ വിനോദ സഞ്ചാരത്തിന്റെ പ്രാധാന്യം, ഗുണങ്ങൾ, സാമൂഹ്യ - സാംസ്കാരിക - രാഷ്ട്രീയ - സാമ്പത്തിക മൂല്യങ്ങൾ എന്നിവയെ കുറിച്ച് അവബോധം വരുത്താനാണ് ലോക വിനോദസഞ്ചാര ദിനം ആഘോഷിക്കുന്നത്.

- ലോക റാബിസ് ദിനം - സെപ്റ്റംബർ 28
  - 2025 Theme - Act now: you, me, communities
  - ആദ്യത്തെ ഫലപ്രദമായ റാബിസ് വാക്സിൻ വികസിപ്പിച്ചെടുത്ത ലൂയി പാസ്ചറിന്റെ ചരമവാർഷികമാണ് ലോക റാബിസ് ദിനമായി ആചരിക്കുന്നത്.

- ലോക ഹൃദയ ദിനം - സെപ്റ്റംബർ 29
    - 2025 Theme - Don't miss a beat
    - ഹൃദ്രോഗത്തെക്കുറിച്ചും ഹൃദയ സംബന്ധമായ അസുഖങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രതിരോധ നടപടികളെക്കുറിച്ചും അവബോധം വളർത്തുന്നതിനാണ് ലോക ഹൃദയ ദിനം ആഘോഷിക്കുന്നത്.

# Thank you



4 8 ★ Download the app now